പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1275 21.03.2013 -ൽ മറുപടിക്ക്

## പാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകൾ, സംസ്ഥാന പാതകൾ എന്നിവയുടെ വശങ്ങളിലുള്ള ഭൂമിയിൽ പെട്രോൾ പമ്പ്, വാണിജ്യസമുച്ചയം, ഹോട്ടലുകൾ, വിശ്രമകേന്ദ്രം എന്നിവ തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) എറണാകുളത്ത് വച്ചു നടന്ന ഐ.സി. 2012 യോഗത്തിൽ പൊതുമരാമത്തു വകുപ്പ് റോഡുകൾ വികസനം നടത്തുമ്പോൾ ബാക്കി വരുന്ന സ്ഥലങ്ങൾ കണ്ടെത്തി ഇത്തരം സ്ഥാപനങ്ങൾ നടത്തുവാൻ "ഓക്സ്ബോ ലാന്റ്" വികസനം എന്ന ഒരു പദ്ധതി ആവിഷ്കരിക്കുവാൻ തത്ത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.<br>ദേശീയപാതയുടെ വശങ്ങളിൽ വേസൈഡ് അമിനിറ്റീസ് (Wayside Aminities) നിർമ്മിച്ച് പാലിക്കുന്നത് BOT/PPP വ്യവസ്ഥയിൽ ടി റോഡ് വികസിപ്പിക്കുന്ന കൺസെഷണറാണ്. കേന്ദ്രമന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് അവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്.<br>പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമിയിൽ പെട്രോൾ പമ്പ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ഹോട്ടലുകൾ, വിശ്രമ കേന്ദ്രം എന്നിവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) ആയതിനായുള്ള പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ? | (ബി) ഇത്തരം പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടിയാണ് ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.<br>ഇതിന്റെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ